February, 2018
Volume 01: No. 06


# പാഠവിമർശനം: സാഹിതീയതയിൽ നിന്നും സാംസ്കാരികതയിലേക്കുള്ള പരിണാമം

**മഞ്ജു എം.പി.**
ഗസ്റ്റ് ലക്ചറർ, മലയാള-കേരളപഠനവിഭാഗം, കാലിക്കറ്റ് സർവകലാശാല

അനേക പാഠഭേദങ്ങളിൽ നിന്ന് ഒറ്റപ്പാഠത്തെ ഉണ്ടാക്കിയെടുക്കുന്ന ഗവേഷണപദ്ധതിയാണ് പാഠവിമർശനം. ഈ ഉണ്ടാക്കിയെടുക്കുന്ന മൂർത്തമായ ഒറ്റപ്പാഠത്തെ അമൂർത്തമായ ദേശീയത എന്ന സങ്കല്പവുമായി ചേർത്തുവെച്ച് വായിക്കുകയാണ് പ്രബന്ധത്തിന്റെ ഒരു ഭാഗത്ത് ചെയ്തിട്ടുള്ളത്. ദേശീയതയിൽ ഉപദേശീയതകളുമായുള്ള സംഘർഷം വരുന്നതുപോലെതന്നെ സംശോധിതപാഠവും കിട്ടിക്കൽ ടെക്സ്റ്റും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകാം. ഈ രീതിയിലുള്ള അന്വേഷണങ്ങളിലൂടെയാണ് പ്രബന്ധം മുമ്പോട്ടുപോകുന്നത്. ഈ അന്വേഷണത്തിന്റെ ഭാഗമായി പാഠഭേദങ്ങളെ പഠിക്കേണ്ടതായി വരുമ്പോൾ അതിലെ സാഹിത്യം എന്നരീതിയിൽനിന്നുമാറി സാംസ്കാരികതയിലേക്ക് പഠനം വഴിമാറുന്നു. ഓരോപാഠവും ഓരോ ദേശത്തിന്റെ സാംസ്കാരികതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇന്നത്തെ സമകാലിക ചരിത്ര പശ്ചാത്തലത്തിൽ"[1] ദേശത്തെ പഠിക്കാനുള്ള ഒരു ഉപാധികൂടിയായി

1. 'സംശോധിതസംസ്കരണം എന്നത് വിവിധ പാഠഭേദങ്ങളിൽനിന്ന് സംശോധിതപാഠത്തെ നിർമ്മിച്ചെടുക്കുന്ന പ്രക്രിയയാണ്. ഏകശിലാത്മകമായ ഇത്തരം ഒരു പാഠത്തെ നിർമ്മിച്ചെടുക്കുന്നത് ഇന്നത്തെ സമകാലീന ചരിത്രരചനയിൽ യുക്തമല്ല. സമകാലീന ചരിത്രം വേരുകളിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ്. അതുകൊണ്ടുതന്നെ പാഠഭേദപഠനത്തിനു പ്രാധാന്യം വരുന്ന ഉപരിവിമർശനമാണ് സമകാലീന ചരിത്രരചനയുമായി ഒത്തുപോകുന്നത്. ഏകശിലാത്മകമായ ദേശരാഷ്ട്രം എന്ന ബോധം തന്നെയാണ് ഏകശിലാത്മകമായ ഐഡിയൽ ടെക്സ്റ്റിലും സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ ദേശീയത അനുഭവിക്കുന്ന എല്ലാവിധ സംഘർഷങ്ങളും ഇത്തരമൊരു സംശോധിതപാഠത്തിലും സംഭവിക്കുന്നു. ദേശീയതയ്ക്ക് പല പ്രാദേശികതകളേയും അവഗണിക്കേണ്ടതായി വരുന്നു. സംശോധിതപാഠത്തിലുംഇതുതന്നെയാണ് സംഭവിക്കുന്നത്. അവിടെ സവിശേഷതകളുള്ള പല പാഠഭേദങ്ങളും അവഗണിക്കപ്പെടുന്നു.

സമകാലീന ചരിത്രരചന ബഹുസ്വരതയ്ക്കാണ് പ്രാധാന്യം നൽകുന്നത്. അത് കേന്ദ്രത്തിൽ നിൽക്കാൻ ആഗ്രഹിക്കു ന്നില്ല. സമകാലീന ചരിത്രരചനയിൽ ചരിത്രവും പാഠരൂപങ്ങളും അന്യോന്യാശ്രിതവും പരസ്പര പൂരകവും വിപുലവുമായ ബന്ധവ്യവസ്ഥയുടെ ഭാഗമായി

ഇത്തരം പാഠങ്ങൾ മാറുന്നു. പാഠഭേദത്തിലെ ഉപരിവിമർശനം എന്ന ഭാഗത്താണ് ഈ പഠനം സാധ്യമാകുന്നത്.

ദേശരാഷ്ട്രവും ശുദ്ധപാഠനിർമ്മിതിയും എന്ന പ്രബന്ധഭാഗത്ത് ഈ കാര്യങ്ങളെല്ലാമാണ് വ്യക്തമാക്കാൻ ശ്രമിക്കുന്നത്. കൂടാതെ ദേശീയതയുടേയും പാഠവിമർശനത്തിന്റേയും ചരിത്രസാരൂപ്യം എടുത്തു പറയുകയും ചെയ്യുന്നു.ദേശീയതയ്ക്ക് ദേശരാഷ്ട്രവിമർശനം വരുന്നതുപോലെ പാഠവിമർശനത്തിലും സംഘർഷങ്ങൾ ഉണ്ടാകാം. അതിനെ മറികടക്കണമെങ്കിൽ ഉപരിവിമർശനത്തിന്റെ രീതിശാസ്ത്രം മാറേണ്ടതുണ്ട്. ഇത് എടുത്തു പറയാനാണ് ദേശരാഷ്ട്രവിമർശനവും ഉപരിവിമർശനവും എന്ന ഭാഗംകൊണ്ടു ശ്രമിക്കുന്നത്. തുടർന്ന് പാഠഭേദങ്ങളുടെ അനന്യത ചൂണ്ടിക്കാണിക്കുന്നു. അതിനുശേഷം പാഠവിമർശം സാഹിതീയതയിൽനിന്ന് സാംസ്കാരികതയിലേക്കു വഴിമാറുന്നതിനെക്കുടി പറഞ്ഞുകൊണ്ട് പ്രബന്ധം അവസാനിപ്പിക്കുന്നു.

1. പാഠവിമർശനം

പാഠവ്യത്യാസങ്ങളിൽനിന്ന് കൃതിയുടെ തനതുപാഠത്തെ അഥവാ പ്രാക്പാഠത്തെ ആവുന്നത്ര നിർദ്ധാരണംചെയ്തെടുക്കാനവലംബിക്കുന്ന ഗവേഷണ പദ്ധതിയാണ് പാഠവിമർശനം അഥവാ ടെക്സ്റ്റ്വൽ കിട്ടിസിസം. ഒരു കൃതി അഥവാ കർത്തൃപാഠം പല കാലങ്ങളിലും സംസ്കാരങ്ങളിലും ഉണ്ടായിട്ടുള്ള പകർപ്പുകളിലൂടെ പ്രചരിച്ചാണ് നിലനില്ക്കുന്നത്. ഇത്തരം പാഠങ്ങൾ പാഠാന്തരങ്ങളുടെ ബാഹുല്യംകൊണ്ട് കർത്തൃപാഠത്തിൽ നിന്ന് അകന്നുപോകുന്നു. ഇവയിൽ പാഠവ്യത്യാസങ്ങളും കൂടു ന്നു. ഇത്തരം പരിഷ്കാരങ്ങളിൽനിന്ന് ഒരു കൃതിയുടെ തനതുപാഠത്തെ അഥവാ പ്രാക്പാഠത്തെ ആവുന്നത്ര നിർദ്ധാരണം ചെയ്തെടുക്കാനവലംബിക്കുന്ന ഗവേഷണപദ്ധതിയാണ് പാഠവിമർശനം[2].

---

നിലകൊള്ളുന്നതുമാണ്. ഈ തിരിച്ചറിവാണ് സമകാലീന ചരിത്ര വിജ്ഞാനത്തിന്റെ അടിസ്ഥാനം. പാഠരൂപങ്ങളുടെ അനേകത പാഠങ്ങളെല്ലാം തന്നെ യാഥാർത്ഥ്യത്തിന്റെ പരിമിതാവിഷ്കാരങ്ങ ളാകയാൽ ഏതു പാഠവും ഒരു പോലെ സ്വീകാര്യമോ അസ്വീകാര്യമോ ആകാമെന്ന വാദഗതി ഇവയെല്ലാം ഇന്നത്തെ ചരിത്ര വിജ്ഞാനത്തെയും ചരിത്ര രചനയുടെ രീതിശാസ്ത്രത്തെയും സംബന്ധിക്കുന്ന പ്രധാന പ്രമേയങ്ങളാണ്.

2. ഈ സാഹചര്യത്തിലാണ് പാഠവിമർശനത്തിന്റെ രീതിശാസ്ത്രതത്തെ വിമർശനാത്മകമായി നോക്കിക്കാണേണ്ടതിന്റെ ആവശ്യകത മുന്നോട്ടുവരുന്നത്. പാഠവിമർശനത്തിന്റെ രീതിശാസ്ത്രംവെച്ച് ഒരു പാഠത്തിന് സംശോധിത സംസ്കരണപ്രക്രിയ വഴി ഒരു ടെക്സ്റ്റ് തയ്യാറാക്കുമ്പോൾ പാഠഭേദങ്ങളിലൂടെ ഉണ്ടാകേണ്ടുന്ന ബഹുസ്വരതയെ പാർശ്വവത്ക്കരിക്കേണ്ടതായി വരുന്നു. പാഠവിമർശന രീതിശാസ്ത്രംവെച്ച് ഇന്ന് വന്നിട്ടുള്ള പഠനങ്ങളിലധികവും ലോവർക്രിട്ടിസിസം എന്ന ഭാഗത്തിനാണ് അതാ യത് സംശോധിത പാഠം തയ്യാറാക്കുക എന്ന പ്രവൃത്തിക്കു മാത്രമാണ് മുൻതൂക്കം നല്കിക്കാണുന്നത്.

പാഠവിമർശനത്തിന് രണ്ടു ഭാഗങ്ങളാണ് ഉള്ളത്. അത് ലോവർ ക്രിട്ടിസിസം(നിർവ്വഹണ ഭാഗം, പ്രവർത്തനഭാഗം, അടിസ്ഥാന വിമർശനം), ഹയർക്രിട്ടിസിസം( നിരീക്ഷണഭാഗം, പഠനഭാഗം) എന്നിവയാണ്. സമകാലീന ചരിത്രരചന ബഹുസ്വരതയ്ക്കാണ് പ്രാധാന്യം നല്കുന്നത്. ഇതിൽ ഉപരിവിമർശന(ഹയർക്രിട്ടിസിസം) ത്തിനാണ് പ്രബന്ധത്തിൽ ഊന്നൽ കൊടുക്കുന്നത്. ഇത്തരം കലുഷിതമായ പാഠങ്ങളിൽനിന്ന് കവികൃതമെന്ന് കരുതാവുന്ന ഒരു പാഠത്തെ സൃഷ്ടിച്ചെടുക്കുന്നതാണ് ലോവർക്രിട്ടിസിസം. ഇവിടംവരെയാണ് ഇന്നത്തെ സംശോധിതസംസ്കരണം എന്ന പ്രവർത്തി നടക്കുന്നത്. പുനഃസൃഷ്ടിച്ച മൂലപാഠത്തെയും പാഠഭേദവ്യൂഹത്തെയും ആസ്പദിച്ചുള്ള പഠനങ്ങളാണ് നിരീക്ഷണഭാഗത്തിൽ വരുന്നത്. മൂലപാഠത്തിൽ കവി എവിടെനിന്ന് എന്തെല്ലാം എടുത്തുചേർത്തിരിക്കുന്നു എന്നു കണ്ടെത്തുക, അവയെ കവി എങ്ങനെ ഉപയോഗപ്പെടുത്തി എന്നു പരിശോധിക്കുക, മൂലപാഠത്തെ കലുഷമാക്കിയ പാഠഭേദങ്ങളെപ്പറ്റി പുനരാലോചന നടത്തുക തുടങ്ങിയവയാണ് നിരീക്ഷണഭാഗത്തിൽ വരുന്നത്. ഇതാണ് ഉപരി വിമർശനം അഥവാ ഹയർക്രിട്ടിസിസം. ഈ ഉപരിവിർശനത്തിന്റെ രീതിശാസ്ത്രം മാറിയാൽ അത് സംസ്കാരപഠനത്തിലേക്കുള്ള നല്ലദത്തമായി ഓരോ പാഠത്തേയും ഉപയോഗിക്കുന്നതരത്തിലേക്ക് മാറും

1.1 ദേശരാഷ്ട്രവും ശുദ്ധപാഠനിർമ്മിതിയും

സ്മൃതിയിലൂടെ പുനർനിർമ്മിക്കപ്പെടുന്ന കൂട്ടായ ഭാവനയുടെ ഉല്പന്നമാണ് ദേശീയത. കോളനിവത്കരണം, സാമ്രാജ്യത്വം, പുത്തൻകോളനിവാഴ്ച തുടങ്ങി ചരിത്രപരമായ പ്രകിയകളെല്ലാം ദേശീയതാബോധത്തിന് സഹായിച്ചു. ജാതി, ലിംഗബോധം, വർഗ്ഗം തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള ആന്തരികശ്രേണീകരണത്തെ നിലനിർത്തി തുറന്നു കാണിക്കുന്നതിനോടൊപ്പം അവയെയെല്ലാം പാർശ്വവത്കരിക്കുന്ന ഏകശിലാബോധമാണ് രാഷ്ട്രത്തെ സംബന്ധിച്ച ദേശീയതാരൂപവത്കരണത്തിൽസംഭവിച്ചത്. കൊളോണിയൽ ആധുനികതയുടെ സൃഷ്ടിയായ ദേശീയതയിൽ ഏകശിലാബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമായിരുന്നു. സ്വന്തംതാത്പര്യം സംരക്ഷിക്കണം എന്ന ലക്ഷ്യവും വരേണ്യതാബോധവുംഅതിൽ പ്രവർത്തിച്ചിരിക്കാം .ഈ ഏകശിലാബോധമാണ് ദേശരാഷ്ട്രത്തെ രൂപീകൃതമാക്കിയത്. ഈ ബോധംതന്നെയാണ് പാഠവിമർശനത്തിന്റെ നിർമ്മിതിയിലൂടെ രൂപപ്പെടുത്തിയെടുത്ത ശുദ്ധപാഠനിർമ്മിതിയിലും പ്രവർത്തിച്ചത്. പ്രാതിനിധ്യസ്വഭാവമുള്ള, വിവിധകാലങ്ങളിൽ, വിവിധദേശങ്ങളിൽ,

വിവിധസംസ്കാരങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവന്നിട്ടുള്ള അനേകം പാഠഭേദങ്ങളിൽനിന്ന് ഒരുസംശോധിതപാഠത്തെ നിർമ്മിച്ചെടുക്കുന്നു.

സംശോധിതസംസ്കരണംവഴി നിർമ്മിച്ചെടുക്കുന്ന ഐഡിയൽ ടെക്സ്റ്റ് എന്ന മൂർത്ത രൂപവും ദേശീയതയുടെ ഭാഗമായുള്ള ദേശരാഷ്ട്രം എന്ന സങ്കല്പവും ഒരർത്ഥത്തിൽ സമൂഹത്തിൽ പ്രവർത്തിക്കുന്നത് ഒരേ രീതിയിലാണ്. ഇവരണ്ടും പല സംസ്കാരങ്ങളേയും പാർശ്വവത്കരിക്കുകയാണ് ചെയ്യുന്നത്. നിലവിൽ വന്നിട്ടുള്ള ഇത്തരം സംശോധിത പാഠങ്ങളിൽ അധികവും ലോവർക്രിട്ടിസിസം എന്ന രീതിക്കാണ് മുൻതൂക്കം കൊടുത്തു കാണുന്നത്. പാഠഭേദപഠനത്തിന് പ്രാധാന്യംകൊടുത്തുകൊണ്ടുള്ള പഠനങ്ങളൊന്നും അധികം ഉണ്ടായിട്ടില്ല.

ദേശരാഷ്ട്രത്തിൽ പ്രത്യേകതരത്തിലുള്ള വൈകാരികബോധമാണ്പ്രവർത്തിക്കുന്നത്. സർവ്വരാലും അംഗീകരിക്കപ്പെടുന്ന ഭൂതകാല മഹത്ത്വവും വർത്തമാനകാലത്ത് നിലനില്ക്കുന്ന പൊതുഇച്ഛയും എല്ലാവരുടേയും പങ്കാളിത്തമുറപ്പിക്കുന്ന മഹത്കൃത്യവും എല്ലാം അതിനകത്ത് ഉൾച്ചേർന്നിരിക്കും. ഇത് വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ ഐക്യബോധത്തിന് കാരണമാകും. അതുകൊണ്ടാണ് വർഗ്ഗം, മതം, ജാതി എന്നിവപോലെ രാഷ്ട്രവും ഒരു സാങ്കല്പിക സമൂഹമാകുന്നത്. ഇതേപ്രകിയതന്നെയാണ് സംശോധിതസംസ്കരണം എന്ന രീതിശാസ്ത്രം ഉയർന്നു വരാനും കാരണമായത്. ഉദാഹരണമായി ബൈബിളിന്റെസംശോധിത സംസ്കരണപ്രക്രിയയെ ചൂണ്ടിക്കാണിക്കാവുന്നതാണ്. സർവ്വരാലും അംഗീകരിക്കപ്പെടുന്ന ഒരു ഭൂതകാലമഹത്വം ബൈബിളിനുണ്ട്. ധാരാളം പകർപ്പുകളുള്ള,

1. കാംബ്രിഡ്ജ് കോഡക്സ് 111 (9-ാം നൂറ്റാണ്ടിന്റെ മധ്യം)
2. ആലപ്പൊ സെഫാർഡി കോഡക്സ്(10-ാം നൂറ്റാണ്ട്)
3. പെന്റാടെക് കോഡക്സ്(10-ാംനൂറ്റാണ്ട്)
4. കോഡക്സ് അരബിനസ് 2 (10-ാം നൂറ്റാണ്ട്)
5. ലെനിൻഗ്രാഡ് കോഡക്സ് (എ.ഡി. 1009)
6. ലെനിൻഗ്രാഡ് കോഡക്സ് ഓഫ് ദ പ്രോഫറ്റ്(എ.ഡി. 1014)

ചാവുകടൽചുരുളുകൾ, മസഡ ചുരുളുകൾ, കെയ്റോ ജനീസ പകർപ്പുകൾ തുടങ്ങിയ ധാരാളം പകർപ്പുകളും സെപ്റ്റ്വാജിറ്റ്, അരാമിക് തൽഗുമുകൾ തുടങ്ങി ധാരാളം പരിഭാഷകളും ശേഖരിക്കപ്പെട്ടു. ഈ ശ്രമത്തിന്റെഭാഗമായാണ് ബൈബിളിന്റെ ഇന്നത്തെ രൂപം എന്നത് പാഠവിമർശനത്തിന്റെ പ്രാധാന്യത്തെ തന്നെയാണ് എടുത്തു കാണിക്കുന്നത്.

സംശോധിത സംസ്കരണത്തിന്റെ ചരിത്രവും ഇതുതന്നെയാണ്. പുതിയ നിയമത്തിലും ഇതുപോലെ വിവിധകാലങ്ങളിൽ ഉണ്ടായിട്ടുള്ള പകർപ്പുകളുണ്ട്. ഇവയെല്ലാംചേർന്ന് ഒരു പൊതുവായ രൂപം വേണം എന്നുള്ളത് അക്കാലത്തെ സമൂഹത്തിന്റെ പൊതുഇച്ഛ കൂടിയായിരുന്നു. അതോടെ ഗ്രന്ഥങ്ങളിലെ സാരൂപ്യത്തിന്റെ ഘടകങ്ങളെ ചേർത്ത് ബൈബിൾ എന്നഗ്രന്ഥംനിർമ്മിച്ചു. ദേശത്തെ ഒന്നിപ്പിച്ചു നിർത്തുക, നാനാത്വത്തിൽ ഏകത്വം ഇതെല്ലാം തന്നെയാണ് ഇവിടെയും പ്രവർത്തിച്ചത്. രാമായണ-മഹാഭാരതാദി കാവ്യങ്ങളിലും ഇതുതന്നെയാണ് സംഭവിച്ചിട്ടുള്ളത്.

### 1.2 ദേശീയതയിലേയും പാഠവിമർശനത്തിന്റേയുംചരിതസാരൂപ്യം

പശ്ചിമയൂറോപ്പിലെ—ഫ്രാൻസ്, സ്പെയിൻ, ഇംഗ്ലണ്ട്, നെതർലാണ്ട്, പോർച്ചുഗൽ, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലാണ് ദേശീയ ചിന്ത ആദ്യമായി രൂപം കൊണ്ടത്. നവോത്ഥാനകാലഘട്ടത്തിൽതന്നെ ഈ ചിന്ത പ്രബലമായുണ്ട്. ഭാഷാപരമായും മതപരമായും ദേശീയചിന്ത ഉണർന്നു. ഇതേ ജ്ഞാനോദയത്തിന്റെ ഭാഗമായാണ് പാഠവിമർശനരീതിശാസ്ത്രവും ഉയർന്നുവന്നത്. മധ്യകാലഘട്ടത്തിൽ,ആധികാരികമായ ബൈബിൾ കൃതികളുടെ പാഠനിർണ്ണയനത്തെപ്പറ്റി ആദ്യമായിചിന്തിച്ചത് റിച്ചാർഡ്സൈമൺ ആണ്. ഇദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളോടു യോജിച്ച് ലെക്ലർക്ക് പഴയനിയമത്തിന്റെ പുനഃസൃഷ്ടിക്ക് ചില മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിച്ചു. പഴയനിയമത്തിന്റേയും പുതിയനിയമത്തിന്റേയും അനവധി പകർപ്പുകൾ ശേഖരിച്ചു. തങ്ങളുടെ പാരമ്പര്യത്തെവീണ്ടെടുക്കാനുള്ള,സ്വത്വത്തെ വീണ്ടെടുക്കാനുള്ള ശ്രമത്തിൽ പഴയനിയമത്തിന്റേയും പുതിയനിയമത്തിന്റേയും ധാരാളം പകർപ്പുകൾ ശേഖരിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തോടെയാണ് പാഠവിമർശനം ഒരു പദ്ധതി എന്ന രീതിയിൽ ഇന്ത്യയിൽ പ്രചരിച്ചത്. ജ്ഞാനോദയത്തിന്റെ ഭാഗമായാണ് ഇത് ഇത്രയും വിപുലമായത് എന്നും ഇവിടെ എടുത്തു പറയട്ടെ. ബൈബിൾ പാഠനിർണ്ണയനത്തിന്റെ സ്വാധീനം തന്നെയാവാം ഇന്ത്യയിൽ ഇത്തരം ശ്രമങ്ങൾക്കു കാരണമായത്. ബൈബിളിന്റേതുപോലെ മഹാഭാരതത്തിന്റെ കാര്യത്തിലും ഇത്തരം പ്രവർത്തനങ്ങൾനടന്നു.

1897-ൽ എം. വിന്റെർനിറ്റ്സാണ് മഹാഭാരതപാഠത്തിന്റെ ആവശ്യകത ഉന്നയിച്ചുകൊണ്ട് പാരീസിൽനടന്ന 11-ാം ഓറിയന്റൽ ഇന്റർനാഷണൽ കോൺഗ്രസ്സിൽ ആദ്യമായി പ്രബന്ധം

അവതരിപ്പിച്ചത്. 1899-ൽ റോമിൽവെച്ചുനടന്ന 12-ാം ഓറിയന്റൽ ഇന്റർ നാഷണൽ കോൺഗ്രസിലും13-ാം കോൺഗ്രസിലും ഇതു തുടർന്നു. ഇതു തന്നെയായിരുന്നു ആ കാലത്തിന്റെ ആവശ്യവും. 1904-ൽ ലണ്ടനിൽ ചേർന്ന അഖിലലോക അക്കാദമിക സംഘടനകളുടെ ലണ്ടൻശാഖ മഹാഭാരതത്തിന്റെ സംശോധിതപാഠം വേൾഡ് അക്കാദമിയുടെ സഹാ യസഹകരണങ്ങളോടെ തയ്യാറാക്കാൻ തീരുമാനിച്ചു.

വി.എസ്. സുക്തങ്കരും സഹപ്രവർത്തകരും ചേർന്നാണ് മഹാഭാര തത്തിന്റെ 1259 പകർപ്പുകൾ ശേഖരിച്ച് അവയിൽ നിന്ന് 734 പകർ പ്പുകളും അനവധി മുദ്രിതപകർപ്പുകളും ചേർത്ത് ഇതിഹാസങ്ങളുടെ മൊഴിവഴക്കം എപ്രകാരമാണ് എന്നും നിരീക്ഷിച്ച് ഈ കൃത്യം നിർ വ്വഹിച്ചത്. ഇതോടുകൂടി ഈ പദ്ധതി സ്വതന്ത്രമായ ഒരു ഗവേഷണ പദ്ധതിയായി വളർന്നു.

ദേശീയബോധത്തിന്റേയും ജ്ഞാനോദയത്തിന്റേയും ഫലം തന്നെയാണ് വിവിധ സംശോധിതസംസ്കരണങ്ങൾ വഴി ഇവിടങ്ങളിൽ പുനർജനിക്കുന്നത്. സാരൂപ്യത്തിന്റെ ഘടകങ്ങൾ ചേർത്തുണ്ടാക്കുന്ന ദേശരാഷ്ട്രം, ഐഡിയൽ നാഷൻ എന്ന അമൂർത്തരൂപവും പാഠഭേദ ങ്ങളിൽനിന്ന് സംശോധിതസംസ്കരണംവഴി നിർമ്മിച്ചെടുക്കുന്ന ശുദ്ധ പാഠം, ഐഡിയൽ ടെക്സ്റ്റ് എന്ന മൂർത്ത രൂപവും ഒരേ ആശയം തന്നെ യാണ്പ്രതിഫലിപ്പിക്കുന്നത് എന്നു പറയാനാണ് ഈ ഭാഗം കൊണ്ട് ഉദ്ദേശിച്ചത്.

### 1.3 ദേശരാഷ്ട്രവിമർശനവും ഉപരിവിമർശനവും

ദേശരാഷ്ട്രം എന്നത് ഇത്തരത്തിൽ ഏകശിലാത്മകമായ ഒരു കാഴ്ച പ്പാടാണ്. അതുകൊണ്ടുതന്നെ അതിൽ സംഘർഷങ്ങൾ ഉണ്ടായി ക്കൊണ്ടേയിരുന്നു. ദേശീയത എന്ന സങ്കല്പം പരസ്പരം ഐക്യത്തെ നിലനിർത്തിയും ഒരുശത്രുവിനെ ഉണ്ടാക്കിക്കൊണ്ടുമാണ് ശക്തിപ്രാ പിക്കാറ്. ഏകത്വത്താൽ പ്രബലമാക്കപ്പെടുന്ന ജീവിതാവബോധവും ഉണ്ടാക്കുന്നു എന്നതാണ് ഐക്യത്തെ ആശ്രയിച്ചുനിർത്തുന്ന ഘടകം. തങ്ങൾക്ക് അനുകൂലമല്ലാത്തതിനെയെല്ലാം അപരത്വം ആരോപിച്ച് ഒരു ശത്രുവായി നിർത്തുന്നു. ഇത്തരത്തിൽ ഒഴിവാക്കപ്പെടുന്ന, അപരത്വം ആരോപിക്കുന്ന, പാഠങ്ങൾ പാഠനിർമ്മിതിയിലും ധാരാളമുണ്ട്. മൂല പാഠത്തിന്റെ വംശാവലിനിർണ്ണയനത്തിൽനിന്ന് ഇതിനു ധാരാളം ഉദാ ഹരണങ്ങൾ ലഭിക്കും. പാഠവിമർശനത്തിൽ സ്വതന്ത്രവ്യക്തിത്വമുള്ള പകർപ്പുകൾ ധാരാളമുണ്ട്. ഉപരിവിമർശനത്തിൽ മാത്രമാണ് ഇത്തരം

സാംസ്കാരിക പശ്ചാത്തലത്തിൽ ഉണ്ടാകുന്ന പാഠങ്ങൾക്ക് അതിന്റേതായ പ്രാധാന്യം ലഭിക്കുന്നത്. ഇതാണ് ഉപരിവിമർശനത്തിന്റെ പ്രാധാന്യവും. ഉപരിവിമർശനത്തിന്റെ രീതിശാസ്ത്രം ഒന്നു കൂടി വിപുലപ്പെട്ടെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. ജാതി,മതം,വംശം,രാജ്യം ഇവയെല്ലാം സാർവ്വലൗകികമാകുമ്പോഴും അതിന്റേതായ സ്വഭാവങ്ങൾ സൂക്ഷിക്കുന്നവയാണ്. എന്നാൽ ഏകദേശീയത വന്നതോടെ പല ഉപദേശീയതകളും ഒഴിവാക്കപ്പെട്ടു. ഏകശിലാത്മകമായ ഒരു പാഠം മാത്രം നില്ക്കരുത്, ഉപദേശീയതയുടെ ഭാഗമായുണ്ടായ ആശയങ്ങളും ആവശ്യമാണ് എന്ന ബോധമാണ് ഇന്ന് പ്രവർത്തിക്കുന്നത്. തങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവരാണെന്നും തങ്ങൾക്ക് പൊതുവായി ചിലതുണ്ടെന്നും വന്നു. അതോടെ രാഷ്ട്രത്തിനുവേണ്ടി പൊരുതുക എന്നരീതി സംസ്കാരത്തിലേക്ക് പൊരുതുക എന്നതിലേക്കു വഴിമാറി. ഉപദേശീയതകൾ ദേശരാഷ്ട്രത്തിന്റെ ശക്തമായ വിമർശനമാണ്. മുഖ്യധാരാദേശീയതയും ഉപദേശീയതയുംതമ്മിൽ സംഘർഷങ്ങൾ ആരംഭിക്കുന്നു. ദേശീയബോധത്തിൽ നിഹിതമായ ആധുനികതായുക്തിക്ക് ഉപദേശീയതയേയും കീഴാളരേയും മറ്റും മാറ്റി നിർത്തേണ്ടി വരുന്നു. ലിംഗപരവും ഭാഷാപരവുംജാതീയവും സാംസ്കാരികവുമായ സ്വത്വത്തെ അസാധ്യമാക്കുന്ന വലിയഇടമായി ദേശീയസങ്കല്പം മാറി.അത് വരേണ്യവത്കൃതമാകുന്നു.

വ്യവഹാരങ്ങൾക്ക് പ്രാമുഖ്യം നല്കുന്നതോടെ ദേശരാഷ്ട്രത്തിന്റെ യുക്തിയെ പ്രതിരോധിക്കുന്ന നിരവധിസംഘടിത സമൂഹങ്ങൾ ഉണ്ടായി. ജനാധിപത്യദേശീയത എന്ന പേരിൽ സ്ത്രീ, ദളിത് മറ്റു പിന്നോക്കവിഭാഗക്കാർ, ആദിവാസികൾ, കർഷകർ ഇവരുടെയെല്ലാം സ്വത്വത്തെ പുനർനിർണ്ണയിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിലേക്ക് പാഠവിമർശനത്തിനും കടന്നുചെല്ലണമെങ്കിൽ ഉപരിവിമർശനത്തിന് അതിന്റേതായ പ്രാധാന്യം നല്കണം. എങ്കിൽമാത്രമേ വേരുകളിലേക്കും വൈവിധ്യങ്ങളിലേക്കും വൈജാത്യങ്ങളിലേക്കുംപോകുന്ന രചനാരീതിയിലേക്ക് പാഠവിമർശനത്തിനും കടന്നുവരാനാകൂ. ഉപപാഠങ്ങൾ കൊണ്ട് സാംസ്കാരിക പ്രതിരോധങ്ങൾവരെ സാധ്യമാക്കാനാകും.

### 1.4. പാഠഭേദങ്ങളുടെഅനന്യതയുംസാംസ്കാരികവൈവിധ്യവും

പാഠഭേദങ്ങളുടെ അനന്യതയിലുംസാംസ്കാരിക വൈവിധ്യത്തിലും സംസ്കാരങ്ങളുടെ അനന്തസാധ്യതകളാണ് നഷ്ടമാകുന്നത്. പരിണാമത്തിന്റെ പലവിധ പ്രത്യേകതകളുംഉദാഹരണത്തിന്, പാഠഭേദത്തിൽ ഭാഷയുടേതായ ഏതെങ്കിലും സവിശേഷചിഹ്നം കാണുന്നു എന്നിരിക്കട്ടെ.ആ പാഠഭേദത്തെ വിശദമാക്കി വിശകലനം ചെയ്താൽ

അത്തരമൊരു ചിഹ്നമുണ്ടാകാനുള്ള സാഹചര്യവും ഏതു പ്രദേശത്തുനിന്നാണ് അത് ഉണ്ടായിട്ടുള്ളത് എന്നും വ്യക്തമാകും. പാശ്ചാത്യരുടേയും പൗരസ്ത്യരുടേയും സ്വനങ്ങളുടെ വ്യത്യാസം അവർ സ്ഥിതിചെയ്യുന്ന ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ ഘടകങ്ങളിൽനിന്നാണ്, ശാരീരികമായ പ്രത്യേകതകളിലൂടെയാണ് രൂപപ്പെടുന്നത്. ഇത്തരമൊരു സാധ്യതകൂടി പാഠഭേദപഠനത്തിനുണ്ട്. ഇത്തരം അനന്തസാധ്യതകളുടെ സംയമനങ്ങളിലൂടെ സാധ്യമാകുന്നത് മൺമറഞ്ഞ സംസ്കാരങ്ങളുടെ വീണ്ടെടുക്കലാണ്. ഇതെല്ലാം പാഠഭേദത്തിന്റെ പഠനത്തിലൂടെമാത്രമേ ലഭിക്കൂ. ഏതൊക്കെ പാഠഭേദങ്ങളിലാണ് തത്സമമായും തത്ഭവമായും പദങ്ങൾ കൂടുതൽ വന്നുചേർന്നിട്ടുള്ളത് എന്നും ഏതു പ്രാദേശികതയിൽകൂടിയാണ് ഇത്തരം പദങ്ങളുടെ കടന്നുവരവ് എന്നും മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണത്തിന് മഹാഭാരതം കിളിപ്പാട്ടിന്റെ സംഭവപർവ്വത്തിൽ മരങ്ങൾ എന്നത് വൃക്ഷങ്ങളായും പത്നി ഭാര്യയായും മകൻ സുതനായും മാറുന്നു. കൈവർത്തകന്യക എന്ന സംസ്കൃതപദം കെട്ടാത്ത മുക്കോപ്പെണ്ണാകുന്നു. ഇത്തരം ധാരാളം ഉദാഹരണങ്ങൾ കാണാൻ സാധിക്കും. അതുണ്ടായ സാഹചര്യത്തേയും പാഠഭേദപഠനത്തിലൂടെ പുറത്തെടുക്കാൻ കഴിയും. ഉപരിവിമർശനത്തിന്റെ രീതിശാസ്ത്രം മെച്ചപ്പെട്ടെങ്കിൽ മാത്രമേ സമകാലീനചരിത്രരചനയുമായി ഒത്തുപോവാനും അനന്തസാധ്യതകളെ ഉപയോഗപ്പെടുത്താനും സാധിക്കുകയുള്ളൂ.

### 1.5. പാഠവിമർശനം (ഉപരിവിമർശനം) സാഹിതീയതയിൽനിന്ന് സാംസ്കാരികതയിലേക്കുള്ള പരിണാമം

പാഠഭേദങ്ങളിലൂടെ സാംസ്കാരികത വ്യക്തമാകുന്ന പാഠങ്ങളിലെ ഉദാഹരണങ്ങൾ ധാരാളമാണ്. മഹാഭാരതത്തിന്റെ പാഠങ്ങളെ ശ്രദ്ധിച്ചാൽ ഇത് വ്യക്തമാകും. മഹത്വവും ഭാരവത്വവും കൊണ്ട് മഹാഭാരതമെന്ന് പറയുന്നു എന്നാണ് നമ്മൾ മനസ്സിലാക്കിയിട്ടുള്ളത്.

"മഹത്ത്വാത് ഭാരവത്ത്വാത്ച

മഹാഭാരതമുച്യതേ" ഇവിടെ 'മഹത്' എന്ന ശബ്ദം വലുപ്പത്തെയാണ് സൂചിപ്പിക്കുന്നത്. ചതുർവേദങ്ങളെ അതിശയിപ്പിക്കുന്ന ആന്തരികഭാരമാണ് 'ഭാരവത്' എന്ന ശബ്ദംകൊണ്ട് അർത്ഥമാക്കുന്നത് എന്ന് 'പാഠഭേദവിചാര'[3] ത്തിൽ പറയുന്നുണ്ട്. എന്നാൽ മഹാഭാരതത്തിന്റെ മറ്റൊരുപാഠത്തിൽ 'ഭാരവത്ത്വാത്' എന്ന ക്രിട്ടിക്കൽ ടെക്സ്റ്റിലെ പാഠത്തിനു പകരം 'ഭാരതത്ത്വാത്' എന്നാണു കാണുന്നത്. ഇത് ഒരു ഹ്രസ്വസമൂഹത്തിന്റെ കാഴ്ചപ്പാടാണ്(പ്രബന്ധത്തിന്റെ തുടക്കത്തിൽ പറഞ്ഞ ഉപദേശീയതകളുടെ പ്രകടനമാണ് ഈ വാക്കിലൂടെ

3. വിജയപ്പൻ പി.എം.(എഡി.), പാഠവും പഠനവും, കാലിക്കറ്റ് സർവ്വകലാശാല, 2007.

ദൃശ്യമാകുന്നത്). ഭാരം എന്നതിനു പകരം ഭാരതീയത പ്രാദേശിക പാഠത്തിലൂടെ തെളിഞ്ഞുകാണുന്നതിന് ഉദാഹരണമാണിത്. പ്രാദേശികസമൂഹം തന്റേതായ ദേശീയബോധം പ്രകടമാക്കുന്നതിന്റെ ഉദാഹരണമാണിത്.

മഹാഭാരതം കിളിപ്പാട്ടിന്റെ 'ഭീഷ്മദ്രോണപാവനകഥകൾക്ക' (പ്രാചീനപകർപ്പ്) പകരം 'വ്രീഹിദ്രോണപാവനകഥകൾ' (പാഠഭേദം) എന്ന് ഒരു പാഠത്തിൽ കാണുന്നുണ്ട്. നെല്ലിന്റെ അളവ് അതായത് ദാന ധർമ്മത്തെക്കുറിച്ച് പറയുന്ന ഭാഗത്തെ മാറ്റിക്കൊണ്ടാണ് ഇത്തരം ഒരു പാഠവ്യത്യാസം. കിളിപ്പാട്ടിനെ ഇതിഹാസപിടിയിൽനിന്നും സ്വതന്ത്രമാക്കാനുള്ള ശ്രമമായാണ് 'പാഠഭേദവിചാര'ത്തിൽ ഇതിനെക്കുറിച്ച് പറയുന്നത്.

ഏതൊരു സാഹിത്യകൃതിയും അതു രൂപംകൊണ്ടുവരുന്ന കാലഘട്ടത്തെ പ്രതിനിധീകരിക്കും. ഓരോ സമൂഹത്തെയും ബൃഹത് സമൂഹം, ഹ്രസ്വ സമൂഹം എന്നിങ്ങനെ വേർതിരിക്കാമെന്ന് 'പാഠഭേദവിചാരം' എന്ന ലേഖനത്തിൽ[4] പറയുന്നുണ്ട്. ബൃഹത് സമൂഹത്തിന്റെ ജീവിതരീതി, സംസ്കാരം, കീഴ്വഴക്കം ഇവയൊക്കെയാണ് പ്രധാനമായും ആദ്യകാല സാഹിത്യകൃതികളിൽ പ്രകടമായിരുന്നത്. ഇതിൽ ഹ്രസ്വസമൂഹം എന്നു വിളിക്കുന്നത് പ്രാദേശികതകളടങ്ങുന്ന സമൂഹത്തെയാണ്. അനേകം കൃതികളിൽ നിന്ന് ഒരു ഒറ്റപ്പാഠത്തെ(ക്രിട്ടിക്കൽ ടെക്സ്റ്റ്) ഉണ്ടാക്കിയെടുക്കുമ്പോൾ സൃഷ്ടിക്കപ്പെടുന്നത്, ഇതിൽ 'ബൃഹത് സമൂഹം' എന്നു പേരിട്ടുവിളിച്ച സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ്. ഇതുതന്നെയാണ്പ്രബന്ധത്തിന്റെ തുടക്കത്തിൽ ദേശീയത അല്ലെങ്കിൽ ദേശരാഷ്ട്രം എന്ന അമൂർത്തസങ്കല്പത്തിലും സംഭവിക്കുന്നത്. ആ രീതിയിലാണ് പാഠവിമർശനത്തിലെ ഒറ്റടെക്സ്റ്റും ദേശരാഷ്ട്രം എന്ന അമൂർത്ത സങ്കല്പവുംപ്രവർത്തിക്കുന്നത്.

ഇവിടെയാണ് പാഠവിമർശനത്തിലെ ഉപരിവിമർശനത്തെ പഠനവിധേയമാക്കേണ്ടതിന്റെ ആവശ്യകത മുമ്പോട്ടുവരുന്നത്. ഓരോ പാഠവും ഓരോ പ്രദേശത്തിലേതായതുകൊണ്ട് ഓരോപാഠത്തേയും പഠനവിധേയമാക്കേണ്ടതാണ്. ആ രീതിയിൽ അവയെസാംസ്കാരിക തലത്തിലേക്ക് ഉയർത്താൻ സാധിക്കും. ഓരോ പാഠത്തിന്റേയും പഠനം ഓരോ പ്രദേശത്തിന്റെയും സാംസ്കാരിക പഠനമാണ്. ഈ രീതിയിൽ പാഠവിമർശനം(പാഠവിമർശനത്തിലെ ഉപരിവിമർശനം)സാംസ്കാരികതലത്തിലേക്ക് ഉയരുന്നു. ആദ്യകാലത്ത് ദേശീയതയുടെഭാഗമായി, നമുക്കായി

4. വിജയപ്പൻ പി.എം.(എഡി.), പാഠവും പഠനവും, കാലിക്കറ്റ് സർവ്വകലാശാല,2007.

പല സാഹിത്യരൂപങ്ങളും ഉണ്ട് എന്നു തെളിയിക്കാനുള്ളതിന്റെ ശ്രമഫലമായാണ് പാഠവിമർശനം എന്ന വിമർശന പദ്ധതിഉയർന്നു വന്നത് എന്ന് പ്രബന്ധത്തിൽ പറഞ്ഞിട്ടുണ്ട്. ഈ അർത്ഥത്തിൽനോക്കുമ്പോൾ പാഠവിമർശനം എന്ന പഠനപദ്ധതി സാഹിതീയതയിൽനിന്ന് സാംസ്കാരികതയിലേക്കുള്ള പരിണാമമാണ് എന്ന് ഉറപ്പിച്ചു പറയാനാകും.

സഹായകഗ്രന്ഥങ്ങൾ

1. ഇളയിടം, പി.സുനിൽ, ഇന്ത്യാചരിത്രവിജ്ഞാനം–ദേശം, ദേശീയത, ദേശചരിത്രം; പ്രതീക്ഷ പബ്ലിക്കേഷൻസ്, 2012.
2. ഇളയിടം, പി.സുനിൽ, ചരിത്രം പാഠരൂപങ്ങളും പ്രത്യയശാസ്ത്രവും; മാതൃഭൂമി ബുക്സ്,കോഴിക്കോട്.
3. ഗംഗാധരൻ ടി .കെ, ചരിത്രരചനാശാസ്ത്രം; കാലിക്കറ്റ് സർവകലാശാല,2005.
4. പണിക്കർ കെ.എൻ., സംസ്കാരവും ദേശീയതയും; കറന്റ് ബുക്സ്, തൃശ്ശൂർ, 2002.
5. രമേശൻ പി., രണ്ടു ദ്രൗപതിമാർ–ദേശീയത, ഇതിഹാസം, സ്ത്രീസ്വത്വം; ഇൻസൈറ്റ് ബുക്സ്, കോഴിക്കോട്, 2008.
6. വിജയപ്പൻ പി.എം, പാഠവിമർശനം; കാലിക്കറ്റ് സർവകലാശാല, 2009.
7. വിജയപ്പൻ പി.എം (എഡി.), പാഠവും പഠനവും; കാലിക്കറ്റ് സർവകലാശാല, 2007.
8. വിജയപ്പൻ പി.എം., തുഞ്ചത്തെഴുത്തച്ഛന്റെ മഹാഭാരതം (സം.സം), തുഞ്ചൻ സ്മാരക ഗവേഷണകേന്ദ്രം, തിരൂർ; കറന്റ് ബുക്സ് ,തൃശ്ശൂർ.
9. വിജയപ്പൻ പി.എം, കയ്യെഴുത്ത് പകർപ്പും സംശോധിത പാഠവും; Some aspects of manuscriptology, ORI and MSS Library, University of Kerala.
10. S.M Kathre, Introduction to Indian Textual criticism, Deccan College Post Graduate and Research Institute, Poona,1954.
11. Jean Steinmann, Biblical criticism; Anthony Clarke Books,1959.
12. K.V. Sarma, New lights on Manuscriptology, (Ed.) Siniruddha dash, Sreesarada Education society Research Centre, Adayar, Chennai, 2007.